പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1895 19.06.2012 ൽ മറുപടിയ്ക്ക്

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

(എ) വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുള്ളത്;

(സി) നടപടികൾ ലഘൂകരിക്കുന്നതു കൊണ്ടുള്ള പ്രയോജനം ഏത് വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്കാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ), (ബി), & (സി) ഉണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കെ.എസ്.ഇ.ബി. ടേംസ് & കണ്ടീഷൻസ് ഓഫ് സപ്ലൈ 2005 അനുസരിച്ച് ഗാർഹിക കണക്ഷനുകൾ ലഭിക്കുന്നതിന് അപേക്ഷകൻ അംഗീകൃത പ്ലാൻ/പെർമിറ്റ് ഹാജരാക്കേണ്ടതുണ്ട്. മറ്റു കണക്ഷനുകൾക്കെല്ലാം തന്നെ ബിൽഡിംഗ് നമ്പർ ആവശ്യമാണെന്ന നിബന്ധനയും ഉണ്ട്.

എന്നാൽ ബിൽഡിംഗ് നമ്പർ ലഭ്യമാവുന്നതിലുള്ള തടസ്സം കാരണം ഇലക്ട്രിസിറ്റി കണക്ഷനുകൾ ലഭിക്കാതിരിക്കുന്ന അപേക്ഷകരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി താഴെപ്പറയുന്ന രേഖകളിലേതെങ്കിലും ഒന്ന് ഹാജരാക്കിയാൽ ഗാർഹിക കണക്ഷൻ ചില വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. വില്ലേജ് ഓഫീസര്‍ നല്‍കുന്ന പൊസ്സഷന്‍ സര്‍ട്ടിഫിക്കറ്റ്.

2. തദ്ദേശസ്വയംഭരണ സ്ഥാപനം നല്‍കുന്ന റസിഡന്‍ഷ്യല്‍ സര്‍ട്ടിഫിക്കറ്റ്.

3. വോട്ടേഴ്സ് ഐഡന്റിറ്റി കാര്‍ഡ്.

4. റേഷന്‍ കാര്‍ഡ്.

5. എന്‍. ആര്‍.ഇ.ജി.പി. കാര്‍ഡ്.

പഞ്ചായത്ത് പ്രദേശങ്ങളില്‍ ഗാര്‍ഹിക ആവശ്യത്തിനുള്ള കെട്ടിട നിര്‍മ്മാണത്തിന് ബില്‍ഡിംഗ് പെര്‍മിറ്റിന് പകരം ഉടമസ്ഥാവകാശ സര്‍ട്ടിഫിക്കറ്റിന്റെയോ (ആറുമാസത്തിനുള്ളില്‍ ലഭിച്ച) ഭൂനികുതി അടച്ച രസീതിന്റെയോ അടിസ്ഥാനത്തില്‍ ചില നിബന്ധനകളോടെ വൈദ്യുതി കണക്ഷന്‍ നല്‍കാമെന്നും തീരുമാനിച്ചിട്ടുണ്ട്.

ഇതുകൂടാതെ ആരാധനാലയങ്ങള്‍ക്കും അംഗീകൃത രാഷ്ട്രീയ പാര്‍ട്ടികളുടെ ഓഫീസുകള്‍ക്കും ചില വ്യവസ്ഥകള്‍ക്ക് വിധേയമായി ബില്‍ഡിംഗ് നമ്പറില്ലാതെ തന്നെ കണക്ഷന്‍ നല്‍കുന്നതിന് സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(....3)

നടപടിക്രമങ്ങൾ ലഘൂകരിച്ചത് കൊണ്ട് ഗാർഹിക കണക്ഷനുകൾക്കുള്ള അപേക്ഷകർക്കും വൈദ്യുത കണക്ഷൻ ആവശ്യമുള്ള ആരാധനാലയങ്ങൾക്കും അംഗീകൃത രാഷ്ട്രീയപാർട്ടികളുടെ ഓഫീസുകൾക്കും പഞ്ചായത്ത് പ്രദേശങ്ങളിൽ ഗാർഹിക ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് കണക്ഷൻ ആവശ്യമുള്ളവർക്കും പ്രയോജനം ലഭിക്കും.

സെക്ഷൻ ഓഫീസർ